## കേരള സംസ്ഥാന സംരംഭക വികസന മിഷൻ (കെ.എസ്.ഇ.ഡി.എം.)

### രജിസ്ട്രേഷൻ ഫോറം

കേരള സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ, സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരളസർക്കാർ രൂപം നല്കിയ ഒരു മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും, അവർക്ക് ആവശ്യമായ പരിശീലനം നല്കി, ലളിതമായ ജാമ്യവ്യവസ്ഥകളി ലൂടെ സാമ്പത്തിക സഹായം നല്കുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. (കേരള സർക്കാരിന്റെ 8-12-2011-ലെ **GO(MS)** നം. **590/11/Fin.** നം. ഉത്തരവ് കാണുക).

പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോറം, സംരംഭം തുടങ്ങാനുദ്ദേശിക്കുന്ന പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി, രജിസ്ട്രേഷൻ ഫോറത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിക്കുകയും പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന സംരംഭം, പ്രസ്തുത തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ ആണെന്നും സാക്ഷ്യപ്പെടുത്തി, അടുത്തുള്ള കെ.എഫ്.സിയുടെ ജില്ലാ ഓഫീസിലേക്ക് അയയ്ക്കേണ്ടതുമാണ്. കെ.എഫ്.സിയുടെ ജില്ലാ ഓഫീസിൽ നിന്നും അപേക്ഷകർക്ക് തെരഞ്ഞെടുപ്പിനുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. അതാതു സമയങ്ങളിൽ വിവരങ്ങൾ അപേക്ഷകനെ അറിയിക്കുന്നതിനായി, കൃത്യമായ മേൽവിലാസവും ഫോൺനമ്പരും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

(എല്ലാ കോളങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. അധിക വിവരങ്ങൾ രേഖപ്പെടുത്താൻ ആവശ്യമെങ്കിൽ കൂടുതൽ പേജുകൾ ഉപയോഗിക്കാം)

| | | | |
|---|---|---|---|
| 1. | **സംരംഭത്തിന്റെ വിവരങ്ങൾ**<br>(തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ പേരും വിലാസവും രേഖപ്പെടുത്തേണ്ടതാണ്. സംരംഭം വിജയസാദ്ധ്യതയുള്ളതും ഒരു വ്യവസായവുമായി ബന്ധപ്പെട്ടതും അത് സംരംഭകരിൽ ഒരാളെങ്കിലും താമസിക്കുന്ന പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിലുമായിരിക്കണം.) | | |
| 2. | **സംരംഭം തുടങ്ങാനുദ്ദേശിക്കുന്ന ഭൂമിയുടെ വിവരങ്ങൾ**(സംരംഭകർക്ക് സ്വന്തം ഭൂമിയിലോ, പാട്ടത്തിനോ വാടകയ്ക്കോ എടുത്ത കെട്ടിടങ്ങളിലോ/വസ്തുക്കളിലോ വ്യവസായം തുടങ്ങാവുന്നതാണ്.. സ്ഥലം വ്യവസായത്തിന്റെ ആവശ്യത്തിന് അനുസരണം ഉണ്ടായിരിക്കേണ്ടതാണ്. സ്വന്തം ഭൂമിയാണെങ്കിൽ കുറഞ്ഞത് 1000 sq ft (ഏകദേശം 1 ആർ) ഉണ്ടായിരിക്കേണ്ടതും. അത് സംരംഭകർ ചേർന്നുണ്ടാക്കുന്ന പാർട്ണർഷിപ്പിന്റെ മാറ്റുകയോ, വകയിരുത്തുകയോ ചെയ്യേണ്ടതാണ്. | **ഭൂമിയുടെ അളവ് വിസ്തീർണ്ണം (ആർ കണക്കിൽ)** | |
| | | **സർവ്വേ നമ്പർ** | |
| | | **വില്ലേജ്** | |
| | | **താലൂക്ക്** | |
| | | **കെട്ടിടനമ്പർ** | |
| | | **പഞ്ചായത്ത്** | |

3. **സംരംഭകരുടെ വിവരങ്ങൾ.** (പരസ്പര ധാരണയുള്ള അഞ്ച് സംരംഭകർ ഒരു പാർട്ണർഷിപ്പ് ഉണ്ടാക്കിയാണ് സംരംഭം തുടങ്ങേണ്ടത്. എന്നാൽ വളരെ നല്ല ഒരു സംരംഭമാണെങ്കിൽ, നാലോ മൂന്നോ രണ്ടോ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകളെയും പരിഗണിക്കും. എഞ്ചിനീയറിംഗ്ഡിഗ്രി/ഡിപ്ലോമ ഉള്ളവർക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം.)

| നം | **സംരംഭകരുടെ പേര്** (എസ്.എസ്.എൽ.സി. ബുക്ക് പ്രകാരം) | **വിലാസം** (സംരംഭകരിൽ ഒരാളെങ്കിലും, സംരംഭം തുടങ്ങുവാൻ ഉദ്ദേശിക്കുന്ന തദ്ദേശത്തെ വാസിയായിരിക്കണം) | **ജനന തീയതി & വയസ്** (വയസ് 21നും 40നും ഇടയ്ക്ക്) | **യോഗ്യത** (+2 അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച വൊക്കേഷണഷൽ കോഴ്സ്) | **ഫോൺ നമ്പർ & ഇ-മെയിൽ** |
|---|---|---|---|---|---|
| (എ) | | | | | |
| (ബി) | | | | | |
| (സി) | | | | | |
| (ഡി) | | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| (ഇ) | | | | | |

| | |
|---|---|
| 4. | സംരംഭകരുടെ സത്യപ്രസ്താവന |
| (എ) | ഞാൻ/ഞങ്ങൾ ഈ തദ്ദേശ സ്ഥാപനത്തിൽ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള അപേക്ഷ നല്കിയിട്ടുള്ളൂ. |
| (ബി) | ഞാൻ/ഞങ്ങൾ വ്യവസായം നടത്തി പരിചയമില്ലാത്തവരും സ്ഥിരം ജോലിയില്ലാത്തവനുമാണ്. |
| (സി) | ഞാൻ/ഞങ്ങൾ ഗവൺമെന്റിൽ നിന്നും ഇതുപോലുള്ള യാതൊരുവിധ ആനുകൂല്യങ്ങളും ഇതുവരെ കൈപ്പറ്റിയിട്ടില്ല. |
| (ഡി) | എന്റെ/ ഞങ്ങളുടെ പക്കൽ വിലാസം / വയസ്സ് / പേര് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ ഉണ്ട്. ഇവ ആവശ്യപ്പെടുന്ന പക്ഷം ലഭ്യമാക്കാൻ ഞാൻ തയ്യാറാണ്. |
| (ഇ) | ഞാൻ/ഞങ്ങൾ കെ.എസ്.ഇ.ഡി.എം.ന്റെ പൂർണ്ണ വിവരങ്ങൾ വായിച്ചു മനസ്സിലാക്കുകയും അതിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കാൻ തയ്യാറുമാണ്. |
| (എഫ്) | ഞാൻ/ഞങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തികൊള്ളുന്നു. |
| 5. | സംരംഭകരുടെ ഒപ്പ് |

| | സംരംഭകൻ 1 | സംരംഭകൻ 2 | സംരംഭകൻ 3 | സംരംഭകൻ 4 | സംരംഭകൻ 5 |
|---|---|---|---|---|---|
| ഒപ്പ് | | | | | |
| സംരംഭകന്റെ പേര് | | | | | |
| സ്ഥലം | | | | | |
| തീയതി | | | | | |

**(പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷന്റെ ഉപയോഗത്തിന്)**

| | | |
|---|---|---|
| 6. | രജിസ്ട്രേഷൻ തീയതി | |
| 7. | രജിസ്ട്രേഷൻ നമ്പർ | |
| 8. | ഫോറം സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് (സംരംഭം അതാതു തദ്ദേശ മേഖലയിൽ ആണെങ്കിൽ മാത്രം ഫോറം സ്വീകരിക്കുക.) | |
| 9. | പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും | |

കുറിപ്പ്: വിദ്യാഭ്യാസ യോഗ്യത മാത്രമായിരിക്കില്ല വായ്പയ്ക്കുള്ള മാനദണ്ഡം. സംരംഭത്തിന്റെ ഫീസിബിലിറ്റിയും അതു നടത്തിക്കൊണ്ടു പോകുന്നതിൽ സംരംഭകൻ പ്രകാശിപ്പിക്കുന്ന താല്പര്യവും കഴിവും അടിസ്ഥാനമാക്കി സെലക്ഷൻ കമ്മറ്റി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. ലോൺ അനുവദിക്കലും വിതരണവും അതാത് ബാങ്കുകളുടെ നിയമമനുസരിച്ചായിരിക്കും.

## കേരള സംസ്ഥാന സംരംഭക വികസന മിഷൻ (കെ.എസ്.ഇ.ഡി.എം.) മാർഗ്ഗനിർദ്ദേശങ്ങൾ

### യോഗ്യത മാനദണ്ഡങ്ങൾ:

താഴെപ്പറയുന്ന മാനദണ്ഡങ്ങളുള്ള സംരംഭക കൂട്ടങ്ങൾക്ക്, ഈ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

- അഞ്ച് സംരംഭകർ ചേർന്നാണ് സംരംഭം തുടങ്ങേണ്ടത്. എന്നാൽ വളരെ നല്ല സംരംഭമാണെങ്കിൽ, രണ്ട് അംഗങ്ങൾ വരെയുള്ള ചെറിയ ഗ്രൂപ്പുകളെയും പരിഗണിക്കും. എഞ്ചിനീയറിംഗ് ഡിഗ്രി / ഡിപ്ലോമ ഉള്ളവർക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം.
- സംരംഭകർ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭം മുൻകൂട്ടി തീരുമാനിച്ചിരിക്കേണ്ടതും ആ സംരംഭം സംരംഭകരിൽ ഒരാളെങ്കിലും താമസിക്കുന്ന തദ്ദേശത്താവണം തുടങ്ങേണ്ടത്.
- സംരംഭകർ തുടങ്ങുന്ന വ്യവസായം സാങ്കേതികമായും,സാമ്പത്തികമായും, വാണിജ്യപരമായും, വിജയിക്കുന്നതും, ആവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമായുള്ള സ്ഥലത്തുമാകണം.
- സംരംഭകർക്ക് സ്വന്തം ഭൂമിയിലോ, പാട്ടത്തിനോ വാടകയ്ക്കോ എടുത്ത കെട്ടിടങ്ങളിലോ/വസ്തുക്കളിലോ വ്യവസായം തുടങ്ങാവുന്നതാണ്. സ്ഥലം വ്യവസായത്തിന്റെ ആവശ്യത്തിന് അനുസരണം ഉണ്ടായിരിക്കേണ്ടതാണ്. സ്വന്തം ഭൂമിയാണെങ്കിൽ കുറഞ്ഞത് 1000 sq ft (ഏകദേശം 1 ആർ) ഉണ്ടായിരിക്കേണ്ടതും, അത് സംരംഭകർ ചേർന്നുണ്ടാക്കുന്ന പാർട്ണർഷിപ്പിന്റെ പേരിൽ മാറ്റുകയോ, വകയിരുത്തുകയോ ചെയ്യേണ്ടതാണ്.
- സംരംഭകർ പരസ്പര ധാരണ ഉള്ളവരും ഒരു പാർട്ടൺഷിപ്പ് ഉണ്ടാക്കുവാൻ സന്നദ്ധരും ആകണം.
- സംരംഭകരാരും വ്യവസായം നടത്തി മുൻപരിചയം ഉള്ളവരാകരുത്.
- രജിസ്ട്രേഷൻ നടക്കുന്ന ദിനത്തിൽ, എല്ലാ സംരംഭകരുടെയും പ്രായം 21 നും 40 നും ഇടയിലായിരിക്കണം. വിധവകൾക്ക് 45 വയസ്സു വരെ അപേക്ഷിക്കാം. വിധവകൾക്ക് മുൻഗണന നല്കുന്നതാണ്.
- എല്ലാ സംരംഭകരും, + 2 അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച വൊക്കേഷണൽ കോഴ്സ് പാസ്സായിരിക്കണം.
- എല്ലാ സംരംഭകരുടെ പക്കലും തിരിച്ചറിയൽ രേഖകൾ (KYC Norms) ഉണ്ടായിരിക്കണം. ഇവ ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
- ഒരു സംരംഭകൻ ഈ പദ്ധതിയിൽ ഒരു ഗ്രൂപ്പിൽ മാത്രമേ അംഗമാകാൻ പാടുള്ളു.
- എല്ലാ സംരംഭകരും സ്ഥിരം ജോലി ഇല്ലാത്തവരായിരിക്കണം
- ഒരു സംരംഭകനും സംസ്ഥാന/കേന്ദ്ര ഗവൺമെന്റിന്റെ വേറെ സാമ്പത്തിക ഇളവുകളൊന്നും നേടിയവരാവരുത്.

- തിരഞ്ഞെടുക്കപ്പെട്ട സംരംഭകർ, ലോണിന് അപേക്ഷിക്കുമ്പോൾ, ലോൺ അനുവദിക്കുന്നതിനാവശ്യമായ രേഖകൾ നൽകേണ്ടതാണ്. ലോൺ അനുവദിക്കൽ അതാതു ധനകാര്യ സ്ഥാപനത്തിന്റെ നിയമങ്ങൾക്ക് വിധേയമായിരിക്കും.

**<u>യോഗ്യതയുള്ള പദ്ധതികൾ:</u>**

- ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അണു/സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്യപ്പെടാവുന്ന പുതിയ പദ്ധതികളാണ് പരിഗണിക്കുന്നത്. വാഹന വായ്പ അനുവദിക്കുന്നതല്ല.

**<u>സാമ്പത്തിക സഹായം:</u>**

- ഒരു സംരംഭകന് 4 ലക്ഷം എന്ന പ്രകാരം പരമാവധി ഗ്രൂപ്പിന് 20 ലക്ഷം .
- എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും ഡിപ്ലോമ ഉള്ളവർക്കും 10ലക്ഷം.
- മോറട്ടോറിയം. ഉൾപ്പെടെ 5 വർഷത്തെ തിരിച്ചടവ് കാലാവധി.
- ഒരു വർഷം വരെയുള്ള മോറട്ടോറിയം.
- പദ്ധതി വിഹിതത്തിന്റെ പത്തു ശതമാനമെങ്കിലും സംരംഭകർ കൊണ്ട് വരണം.

ബാങ്കുകൾ സാമ്പത്തിക സഹായം അനുവദിക്കുന്നത് ഇതു പോലുള്ള മറ്റു പദ്ധതികൾക്ക് വായ്പ അനുവദിക്കുന്ന അതേ മാനദണ്ഡങ്ങൾ പാലിച്ച്, ബാങ്കുകളുടെ സർവ്വീസ് പരിധിക്കുള്ളിലായിരിക്കും. വായ്പാതുകയുടെ ദുരുപയോഗമോ, വകമാറ്റി ചെലവാക്കലോ ശ്രദ്ധയിൽപ്പെട്ടാൽ അതാത് ധനകാര്യ സ്ഥാപനത്തിന് വായ്പ തിരിച്ച്പിടിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ലോൺ അനുവദിക്കലും വിതരണവും അതാത് ബാങ്കുകളുടെ നിയമമനുസരിച്ചായിരിക്കും.

**<u>ലോണിന്റെ ഈട്:</u>**

(എ) സംരംഭത്തിന്റെ മുഴുവൻ ആസ്തികളും ഈടായി നൽകണം.

(ബി) എല്ലാ സംരംഭകരുടെയും വ്യക്തിപരമായ ആൾ ജാമ്യം നൽകണം.

(സി) (എ) യും (ബി)യും കൂടാതെ താഴെപ്പറയുന്ന അധിക ജാമ്യവും നൽകണം.

(i) സംരംഭക ഗ്രൂപ്പിലില്ലാത്ത രണ്ടോ അതിലധികമോ വ്യക്തികളുടെ ആൾ ജാമ്യം നൽകണം. ജാമ്യക്കാരുടെ ബാദ്ധ്യത അവരുടെ എണ്ണം നോക്കി നിജപ്പെടുത്തുന്നതായിരിക്കും.

(അല്ലെങ്കിൽ)

(ii) വായ്പ CGTMSE സ്കീമീൽ എടുക്കണം.

(അല്ലെങ്കിൽ)

(iii) ലോൺ തുകയുടെ 25% വില മതിപ്പുള്ള മറ്റു ജാമ്യ വസ്തുക്കൾ നൽകണം.